# ഇക്കോടൂറിസത്തിന്റെ മറവിൽ കന്യാവനങ്ങളും വിപണിയിലേക്ക്

**രൺജിത്ത്. കെ. ആർ**



"സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിലും ദേശീയ പാർക്കുകളിലും ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠിച്ചു വരികയാണെന്ന് മന്ത്രി (നിയമസഭയിൽ)പറഞ്ഞു." പ്രത്യക്ഷത്തിൽ നിരുപദ്രവകരമായ വാർത്ത. നാം സുഗമമായി വായിച്ചുപോയ ഈ പ്രസ്താവന കേരളത്തിന്റെ സംരക്ഷിത വനമേഖലയെ ടൂറിസം മാർക്കറ്റുകളിൽ വിപണനം ചെയ്യുന്നതിനുള്ള അണിയറ നീക്കങ്ങളുടെ ചെറിയ വെളിപ്പെടുത്തൽ മാത്രമായിരുന്നു. വൻകിട കർഷകലോബിക്കും വനം കൊള്ളക്കാർക്കും പുറമെ പരിസ്ഥിതി സംരക്ഷണ മേലങ്കിയുമായി ടൂറിസം വ്യവസായികളും കാടുകയറാനുള്ള തയ്യാറെടുപ്പിലാണ്. ഈ തയ്യാറെടുപ്പുകൾക്കിടയിലും സർക്കാർ എന്താണ് 'പഠിച്ച്'കൊണ്ടിരിക്കുന്നതെന്ന് അറിയുക.

**സർക്കാർ പഠിച്ചുവരുന്നത്**

മേൽ പറഞ്ഞ പ്രസ്താവനയുടെ ഉദ്ഭവം ടൂറിസം മന്ത്രിയായിരുന്നില്ലെന്നും മറിച്ച് മതികെട്ടാനിലൂടെ പരിസ്ഥിതി സംരക്ഷകരുടെ മിശിഹായാകാൻ ശ്രമിച്ച വനംമന്ത്രിയാണെന്നും സന്ദർഭവശാൽ സൂചിപ്പിക്കട്ടെ.

സർക്കാരിന്റെ 'പഠിച്ച വരവിന്റെ' നടപ്പുവശം അറിയണമെങ്കിൽ വാർത്ത അല്പം കൂടി ശ്രദ്ധിച്ചു വായിക്കണം.

"ഇക്കോ ടൂറിസം കൺസൾട്ടൻസി നിയമനത്തിനായി 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കോന്നിയിൽ 2 കോടി രൂപയുടെ ഇക്കോ ടൂറിസം പദ്ധതി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. വനംവകുപ്പിൽ ഇക്കോടൂറിസം കൺസർവേറ്ററുടെ തസ്തികയുണ്ടാക്കാൻ ധനകാര്യവകുപ്പിന്റെ അംഗീകാരം തേടിയിട്ടുണ്ട്. ഇക്കോടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനായി 57 സ്ഥലങ്ങൾ വനംവകുപ്പും ടൂറിസം വകുപ്പും ചേർന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 10 എണ്ണം പൈലറ്റ് പ്രൊജക്ടായി നടപ്പാക്കും."

കാര്യങ്ങൾ ഇത്രയും ഇതിലധികമായിട്ടും സർക്കാർ പഠിച്ചുവരികയാണത്രെ! വനംമന്ത്രി 'പഠനം' തുടരുമ്പോൾ ടൂറിസം മന്ത്രി എല്ലാം പഠിച്ചുകഴിഞ്ഞ മട്ടാണ്. 'ടൂറിസം കൺസർവേഷൻ ആന്റ് പ്രിസർവേഷൻ ബിൽ' ഉടൻ പാസ്സാക്കുമെന്ന് മന്ത്രി കെ. വി. തോമസ് പറയുന്നു. ഇക്കോടൂറിസത്തിന്റെ വഴിയിലുള്ള ഭരണപരമായ തടസ്സങ്ങളും നിയമങ്ങളും മറികടക്കുവാനാണ് ഈ ബിൽ ലക്ഷ്യമിടുന്നതെന്ന് സംശയിക്കപ്പെടുന്നു. 10 കേന്ദ്രങ്ങളിൽ കൂടി ഇക്കോടൂറിസം നടപ്പിലാക്കുമെന്ന് അദ്ദേഹം നേരത്തെ തന്നെ പറഞ്ഞിരുന്നു.

കേരളത്തിലെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതിയുടെ ആദ്യഘട്ടം തിരുവനന്തപുരത്തിന് 72കി. മി. അകലെ തെന്മലയിൽ 1999 ഡിസംബർ 12ന് ആരംഭിച്ചു എന്നുകൂടി അറിയുക. 'പഠിച്ചു വരികയാണെന്ന്' വനം മന്ത്രി നിയമസഭയ്ക്കു നൽകിയ ഉത്തരം സഭയെ തെറ്റിദ്ധരിപ്പിക്കലായിരുന്നുവെന്ന് വ്യക്തം. ഇക്കോടൂറിസത്തിനായുള്ള വ്യാപകമായ ഒരുക്കങ്ങൾ നടക്കുമ്പോൾ ഇത്തരം തെറ്റിദ്ധരിപ്പിക്കലുകളുടെയും അവകാശവാദങ്ങളുടെയും എണ്ണം വർദ്ധിച്ചുവരികയാണ്

**എല്ലാം പൈലറ്റ് പ്രൊജക്ടുകൾ**

തെന്മല ഇക്കോടൂറിസം പദ്ധതിയെ മാതൃകാപ്രൊജക്ടായാണ് ഉയർത്തിക്കാട്ടിയിരുന്നത്. എന്നാൽ ഈ പദ്ധതി പൂർണമായി നടപ്പിൽ വരുകയോ അതിന്റെ ഗുണദോഷങ്ങളും സാധ്യതകളും മനസ്സിലാക്കുകയോ ചെയ്യുന്നതിനു മുമ്പു തന്നെ പുതിയ 'പൈലറ്റ് പദ്ധതിക'ളുമായി സർക്കാർ മുന്നോട്ടു തന്നെ. കോന്നി, തട്ടേക്കാട് പക്ഷിസങ്കേതം, ഭൂതത്താൻ കെട്ട് എന്നിവിടങ്ങളിൽ പൈലറ്റ് പദ്ധതികൾ ഉടൻ നിലവിൽ വരും. ആറളം സുവോളജിക്കൽ പാർക്ക്, മംഗളവനം എന്നിവയാണ് അടുത്ത ലക്ഷ്യം. വൈകാതെ തന്നെ തരളവും അത്യപൂർവ്വവുമായ സംരക്ഷിത വനമേഖലയിലെല്ലാം ഇത്തരം പദ്ധതികൾ വരും.

കാര്യങ്ങൾ ഇത്ര വേഗത്തിൽ മുന്നോട്ടുപോകുമ്പോൾ തെന്മല പദ്ധതിയുടെ വർത്തമാനം ഇത്രയുമാണ്. രണ്ടരവർഷം മുമ്പ് ഉദ്ഘാടനം നടന്നെങ്കിലും ഇവിടെ പൂർണ്ണതോതിലുള്ള ഇക്കോടൂറിസം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ തെന്മല ഡാം പരിസരത്തും ഉൾക്കാടിനു പുറത്തും ബൈക്കിങ്ങ്, നെയ്ച്ചർ ട്രെയിൽ തുടങ്ങി ഇക്കോഫ്രണ്ട്‌ലി എന്നു വിശേഷിപ്പിക്കപ്പെടുന്ന ടൂറിസം പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

സർക്കാർ നിയന്ത്രണത്തിലുള്ള തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റി (ടെപ്സ്) ആണ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. പ്രാദേശിക ജനതയുടെ പങ്കാളിത്തത്തോടെ അവർക്ക് ഗുണം ലഭിക്കുന്ന തരത്തിലായിരിക്കും പദ്ധതി നടപ്പിലാക്കുകയെന്ന പ്രഖ്യാപനത്തെ പൊളിച്ചു കാട്ടിക്കൊണ്ട് ടെപ്സിനു ബദലായി നാല് ഇക്കോടൂറിസം സൊസൈറ്റികൾ കൂടി നാട്ടുകാർ ആരംഭിച്ചിരിക്കുകയാണ്. സർക്കാർ പദ്ധതിയിൽ തൊഴിൽ സാധ്യതയില്ലെന്ന യാഥാർത്ഥ്യം പ്രാദേശിക ജനത മനസ്സിലാക്കിയതുകൊണ്ടു കൂടിയാണ് ഈ സൊസൈറ്റികൾ നിലവിൽ വന്നിരിക്കുന്നത്. 100കോടി രൂപയുടെ പദ്ധതിയിൽ 10 കോടി രൂപ മാത്രമാണ് സർക്കാർ നിക്ഷേപിക്കുക. ബാക്കി 90 കോടി രൂപയും സ്വകാര്യമേഖലയുടേതായിരിക്കും. തെന്മല ഡാമും ചെന്തുരുണി വന്യജീവി സങ്കേതവും അതിന് 50 കി. മി. ചുറ്റളവിലുള്ള വനവും ഉൾക്കൊള്ളുന്നതാണ് പദ്ധതിപ്രദേശം. പരിസ്ഥിതി സൗഹൃദ ജനറൽ ടൂറിസം, ഇക്കോടൂറിസം, തീർത്ഥാടകടൂറിസം എന്നിവയാണ് പ്രധാന ആകർഷണങ്ങൾ. അടിസ്ഥാനസൗകര്യ വികസനത്തിന്റേയും ടൂറിസം നടത്തിപ്പിന്റേയും വഴികളിൽ ചെന്തുരുണി വനമേഖലക്ക് സംഭവിക്കാവുന്ന പരിസ്ഥിതി വിനാശം അപരിഹാര്യമാണെന്ന ആശങ്കകളുമുയർന്നിട്ടുണ്ട്.

ലാഭം ലക്ഷ്യമാക്കിയും നിലനില്പിനു വേണ്ടിയും സർക്കാരിതര ഇക്കോടൂറിസം സമിതികൾ ഒളിഞ്ഞും തെളിഞ്ഞും നടത്താനിടയുള്ള പ്രവർത്തനങ്ങളെ കുറിച്ചും ഭയാശങ്കകളുണ്ട്.

(തുടരും)